"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - സംസ്ഥാന കർഷക അവാർഡ് 2025- കാർഷിക മേഖലയിലെ സമഗ്ര സംഭാവനക്ക് മുൻ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടിയുടെ സ്മരാണാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന അവാർഡ് - അവാർഡ് നിർണ്ണയത്തിനായി സംസ്ഥാനതലത്തിൽ ഒരു ഉന്നതതല സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി ( ഇ ബി )വകുപ്പ്**

സ.ഉ.(സാധാ) നം.706/2026/AGRI    തീയതി,തിരുവനന്തപുരം, 27-07-2026

---

പരാമർശം:-

1. സ. ഉ (സാധാ) നമ്പർ 649/2026/കൃഷി തീയതി 08/07/2026
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 17/07/2026 തീയതിയിലെ ADFW/6916/2026-TV1 നമ്പർ കത്ത്

<u>ഉത്തരവ്</u>

കാർഷിക മേഖലയിൽ സമഗ്ര സംഭാവന നല്കുന്ന വ്യക്തി/ ഓർഗനൈസേഷന് മുൻ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടിയുടെ സ്മരണാർത്ഥം 5 ലക്ഷം രൂപ അവാർഡ് തുകയുള്ള പുതിയ അവാർഡ് 2025 വർഷത്തെ സംസ്ഥാന കർഷക അവാർഡ് വിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് പരാമർ ശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത അവാർഡ് നിർണ്ണയത്തിനായി സംസ്ഥാനതലത്തിൽ ഒരു ഉന്നതതല സമിതിയെ നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. സമിതിയുടെ പരിഗണനയ്ക്കായി അർഹരായവരുടെ കരട് പട്ടിക സമർപ്പിക്കുന്നതിനു ജൂലൈ 3 1 വരെ സമയം നൽകുന്നതിനും അനുമതി അഭ്യർത്ഥിച്ചിരുന്നു.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക മേഖലയിൽ സമഗ്ര സംഭാവന നല്കുന്ന വ്യക്തി/ ഓർഗനൈസേഷന് മുൻ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടിയുടെ സ്മരണാർത്ഥം നൽകുന്ന അവാർഡ് നിർണ്ണയത്തിനായി ചുവടെ ചേർത്തിരിക്കുന്നവരെ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ ഒരു ഉന്നതതല സമിതി രൂപീകരിച്ചു കൊണ്ട് ഉത്തരവാകുന്നു.

1. കാർഷികോല്പാദന കമ്മീഷണർ -ചെയർമാൻ
2. കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി -അംഗം
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ - മെമ്പർ സെക്രട്ടറി
4. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ - അംഗം

3. കൂടാതെ സമിതിയുടെ പരിഗണനയ്ക്കായി അവാർഡിന് അർഹരായവരുടെ കരട് പട്ടിക

സമർപ്പിക്കുന്നതിന് ജൂലൈ 31 വരെ സമയം ദീർഘിപ്പിച്ച് നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ടി വി ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)/ (എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Prijith. G
Date: 28-07-2026
10:23:07
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ-ക്ക്

കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-ക്ക്